# സംസ്കാരവും
# ദേശീയതയും




**പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിലുണ്ടായ രണ്ട് തരം പ്രതിഷേധങ്ങൾ ഏവ?**

**1) :ഇന്ത്യൻ സമൂഹത്തിലുണ്ടായിരുന്ന അസമത്വങ്ങൾക്കും തിന്മകൾക്കും അവകാശനിഷേധത്തിലും ഉണ്ടായ എതിർപ്പ്.**

**2) :സാമ്രാജ്യത്വ ചൂഷണത്തിനു എതിരായ പോരാട്ടം**

**കോളനി ഭരണവും ദേശീയതയും**

**ബ്രിട്ടീഷുകാർക്ക് ഇന്ത്യൻ സംസ്കാരത്തെ പറ്റി അറിയണമായിരുന്നു.സംസ്കൃതത്തിലും പേർഷ്യൻ ഭാഷയിലുള്ള കൃതികൾ ഇംഗ്ലിഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു.**

- **സ്ഥാപനങ്ങൾ ... സ്ഥാപകർ**

1. **ഏഷ്യറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ: വില്യം ജോൺസ്**
2. **കൽക്കത്ത മദ്രസ :വാറൻ ഹേസ്റ്റിങ്സ്**
3. **ബനാറസ് സംസ്കൃത കോളേജ്: ജൊനാഥൻ ഡങ്കൻ**

**ബ്രിട്ടീഷ് വിദ്യാഭ്യാസം ഇന്ത്യയിൽ**

**ഇന്ത്യയിലെ ഒരു വിഭാഗത്തിന്റെ പിന്തുണ നേടാനാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിൽ നടപ്പിലാക്കിയത്.**

**ലക്ഷ്യം:**

**1835ൽ മെക്കാളെയാണ് ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം**

നടപ്പിലാക്കിയത്.

> :രക്തത്തിലും നിറത്തിലും ഇന്ത്യക്കാരനും ,അഭിരുചിയിലും അഭിപ്രായത്തിലും, ധാർമികതയിലും ബ്രിട്ടീഷ് നിലപാടുമുള്ള ഒരു വർഗ്ഗത്തെ വളർത്തിയെടുക്കുക.

> കുറഞ്ഞകൂലിക്ക് ജോലിക്കാരെ ലഭിക്കുക.

> ഒരു വിഭാഗം ഇന്ത്യക്കാരെ ബ്രിട്ടീഷുകാരുടെ കൂടെ നിർത്തക.

**പഠിപ്പിച്ച വിഷയങ്ങൾ**

ജനാധിപത്യം, സ്വാതന്ത്ര്യം, യുക്തിചിന്ത, തുല്യനീതി, ശാസ്ത്രബോധം, സോഷ്യലിസം,

ഈ ആശയങ്ങൾ പഠിച്ച ഇന്ത്യക്കാർ സമൂഹത്തിലെ അനാചാരങ്ങളെ ചോദ്യം ചെയ്യാനും ബ്രിട്ടിഷ് അടിച്ചമർത്തലിനെ എതിർക്കാനും തുടങ്ങി. ഭാഷ, കല, സാഹിത്യം, മതം, പത്രം എന്നിവ ഇതിനായി ഉപയോഗിച്ചു.

**സാമൂഹിക പരിഷ്ക്കരണം**

**ലക്ഷ്യങ്ങൾ**

1): ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന വിവിധ അനാചാ രങ്ങളെ എതിർക്കുക

2): പൗരാവകാശങ്ങൾ നേടിയെടുക്കുക.

**സാമൂഹിക പരിഷ്ക്കാർത്താക്കൾ മുന്നോട്ട് വച്ച ആവശ്യങ്ങൾ**

| ): ജാതി വ്യവസ്ഥ നിർമ്മാർജ്ജനം ചെയ്യക.

2), എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക

3); സ്ത്രികൾക്കെതിരെയുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുക

4): എല്ലാവർക്കും വിദ്യാഭ്യസം നൽകുക

5) :വിധവാ പുനർവിവാഹം നടപ്പിലാക്കുക

6) :ശൈശവ വിവാഹം, പുരോഹിത മേധാവിത്വം എന്നിവ അവസാനിപ്പിക്കുക.

**രാജാ റാം മോഹൻ റോയി.**



X. ബ്രഹ്മ സമാജസ്ഥാപകൻ

X. ജാതി വ്യവസ്ഥയെയും, സതി എന്ന ആചാരത്തെയും ശക്തമായി എതിർത്തു

X ഒരൊറ്റ ഇന്ത്യ എന്ന ആശയം പ്രചരിപ്പിക്കാൻ ശ്രമിച്ചു.

X: ഇന്ത്യക്കാരിൽ രാജ്യ സ്നേഹം വളർത്താനുള്ള സാഹചര്യം സൃഷ്ടിച്ചു.

ഈശ്വര ചന്ദ്ര വിദ്യാസാഗർ

x:വിധവകളുടെ പുനർവിവാഹത്തിനായി പ്രവർത്തിച്ചു.

x: 1856 ൽഹിന്ദു വിധവാ പുനർവിവാഹ നിയമം പാസ്സാക്കിയത് അദ്ദേഹത്തിന്റെ ശ്രമഫലമായാണ്.

x: സ്ത്രികളുടെ വിദ്യഭ്യാസ പുരോഗതിക്കായി അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിച്ചു.

**പണ്ഡിതരമാഭായി**



x: ശാരദാ സദൻ സ്ഥാപിച്ചു.

x: വിധവകൾക്ക് വിദ്യഭ്യാസം നൻകി.

**ഇന്ത്യയിൽ അന്ന് ഉണ്ടായ മറ്റ് പരിഷ്കരണ പ്രസ്ഥാനങ്ങളും അവയുടെ ആശയങ്ങളും**

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ | ആശയങ്ങൾ |
|---|---|---|
| • ആര്യസമാജം | • സ്വാമി ദയാനന്ദ സരസ്വതി | • വിഗ്രഹാരാധന, ശൈശവ വിവാഹം എന്നിവയെ എതിർത്തു |
| • രാമകൃഷ്ണമിഷൻ | • സ്വാമി വിവേകാനന്ദ | • ജാതിവ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു. <br>• സ്വാതന്ത്ര്യം, സമത്വം ,സ്വതന്ത്ര ചിന്ത എന്നിവ പ്രോത്സാഹിപ്പിച്ചു. |
| • അലിഗഡ് പ്രസ്ഥാനം | • സർ സയ്യിദ് അഹ്മദ് ഖാൻ | • ഇന്ത്യയിലെ മുസ്ലിംകളുടെ സാമൂഹികവും വിദ്യാഭ്യാസ പരവുമായ പുരോഗതിക്കായി വാദിച്ചു |
| • പ്രാർത്ഥനാ സമാജം | • ആത്മാറോം പാണ്ഡുരംഗ് | • മിശ്രഭോജനം, മിശ്രവിവാഹം, വിധവാ പുനർവിവാഹം, സ്ത്രീകളുടേയും പിന്നാക്ക ജന വിഭാഗങ്ങളുടെയും പുരോഗതി എന്നിവക്കായി നിലകൊണ്ടു |
| • തിയോസഫിക്കൽ സൊസൈറ്റി | • ആനിബസന്റ് | • ഹിന്ദു മതത്തിന്റെ പുനരുത്ഥാനത്തിനായിനായി നിലകൊണ്ടു |
| • ഹിതകാടിണി സമാജം | വീരേശലിംഗം | • വിധവ പുനർവിവാഹത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു മായി പ്രചാരണം നടത്തി. |
| • സത്യശോധക് സമാജം | ജോതിബാ ഫുലെ | • ദുരാചാങ്ങെളെയും പുരോഹിത മേധാവിത്വത്തെയും എതിർത്തു. <br>• പിന്നാക്ക വിഭാക്കാർക്കോയി വിദ്യാലയങ്ങളാരംഭിച്ചു. |

| | | |
|---|---|---|
| • സ്വാഭിമാന പ്രസ്ഥാനം | ഇ.വി രാമസ്വാമി നായ്ക്കർ | • ബ്രാഹ്മണ മേധാവിത്വത്തെയും ജാതിവ്യവസ്ഥയെയും എതിർത്തു. |
| • ശ്രീ നാരായണ ധർമ്മ പരിപാലന യോഗം | ശ്രീ നാരായണ ഗുരു | • ജാതി വ്യവസ്ഥയെയും ദുരാചാരങ്ങളെയും എതിർത്തു.<br>• പിന്നാക്ക ജനവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപകരവുമായ പുരോഗതിക്കായി നിലകൊണ്ടു. |

**ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ച അനാചാരങ്ങൾ ഏവ?**



## പത്രങ്ങൾ

X:ബംഗാളിലെ ആദ്യകാലപത്രം - സുലഭ് സമാചാർ

ദേശീയ സമര കാലത്തെ പത്രങ്ങളുടെ പങ്ക്

1. ബ്രിട്ടീഷുകാരുടെ അടിച്ചമർത്തലുകളെപറ്റിയും ദുർഭരണത്തെപറ്റിയും ജനങ്ങളെ ബോധവാൻമാരാക്കി.
2. ബ്രിട്ടിഷുകാർക്കെതിരെ പ്രതികരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.
3. ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തെ എതിർത്തു.
4. അനാചാരങ്ങളെയും അന്തവിശ്വാസങ്ങളെയും എതിർത്തു
5. സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം എന്നീ ആശയങ്ങൾ ജനങ്ങളിൽ എത്തിച്ചു.
6. പ്ലേഗ് രോഗത്തെ പറ്റി ജനങ്ങളെ ബോധവാൻമാരാക്കി.

രാജാറാം മോഹൻ റോയിയുടെ പത്രം -

ബംഗാളി ഭാഷയിൽ - സംവാദ് കൗമുദി

പേർഷ്യൻ ഭാഷയിൽ - മിറാത് -ഉൽ- അക്ബർ

പ്രദേശിക ഭാഷ പത്രനിയമം - 1878ൽ ലിട്ടൻ പ്രഭു പ്രദേശിക ഭാഷ പത്രനിയമം നടപ്പിലാക്കി -

ബ്രിട്ടീഷുകാർക്കെതിരെ ഉയരുന്ന പ്രധിഷേധങ്ങളെ അടിച്ചമർത്താനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്.

ദേശീയസമരകാലത്ത് വിദ്യഭ്യാസത്തിന്റെ പങ്ക്

1. സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുക
2. ഐക്യം നിലനിർത്തുക
3. ഇന്ത്യൻ സമൂഹത്തിലെ അസമത്വങ്ങളെ എതിർക്കുക
4. ഇന്ത്യക്കാരിൽ ദേശീയ കാഴ്ച വളർത്താൻ ശ്രമിക്കുക.
5. ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക

വിദ്യഭ്യാസസ്ഥാപനങ്ങളും - വ്യക്തികളും

ഡക്കാൻ എജ്യുക്കേഷൻ സൊസൈറ്റി -മഹാദേവ ഗോവിന്ദ റാനഡെ, ജി.ജി.അഗാർക്കർ, ബാലഗംഗ ധരതിലകൻ

മഹാരാഷ്ട്രയിലെ വനിതാ സർവ്വകലാശാല - 1916 ൽ, ഡി.കെ.കാർവെ.

വിശ്വഭാരതി സർവ്വകലാശാല - രവീന്ദ്രനാഥ് ടാഗോർ

ജാമിയ മില്ലിയ ഇസ്ലാമിയ




അലി സഹോദരന്മാർ, ഡോ: സാക്കീർ ഹുസൈൻ,

**എം.എ.അൻസാരി .**

**കേരള കലാമണ്ഡലം -**




**വള്ളത്തോൾ നാരായണമേനോൻ**

**വാർദ്ധ പദ്ധതി -**




**മഹാത്മാ ഗാന്ധിജി .1937**

**കോളം A.. — '   കോളം B**

1. **മതേതരത്വം - ജാമിഅ മില്ലിയ ഇസ്ലാമിയ**
2. **ദേശീയത - ഡക്കാൻ എജുക്കേഷൻ സൊസൈറ്റി**
3. **സ്ത്രീകളുടെ ഉന്നമനം - വനിതാ സർവ്വകലാശാല**
4. **അന്തർ ദേശീയത -വിശ്വഭാരതി**
5. **പാരമ്പര്യ കലകളുടെ പുനരുദ്ധാരണം - കേരള കലാമണ്ഡലം**
6. **വൈദേശിക മേധാവിത്വം ജാതി വ്യവസ്ഥ എന്നിവയോടുള്ള എതിർപ്പ് - വാർധ പദ്ധതി.**

**സാഹിത്യം**




**ഭാരത മാതാ സങ്കല്പം എന്ന നാടകം -ശിശിർകുമാർ ഘോഷ് , സത്യേന്ദ്രനാഥ് ടാഗോർ**

**ആനന്ദ മഠം - ബങ്കിം ചന്ദ്ര ചാറ്റർജി, (സന്യാസി കലാപം )**

**നീൽ ദർപ്പൻ _ ദിന ബന്ധുമിത്ര**


**സാരേ ജഹാം സേ അച്ഛാ- മുഹമ്മദ് ഇഖ്ബാൽ**

**സാഹിത്യകാരന്മാരും കൃതികളും**


| കൃതികൾ | എഴുത്തുകാർ | ഭാഷ |
|---|---|---|
| • ഗോര<br>• ഗീതാഞ്ജലി | • രവീന്ദ്രനാഥ ടാഗോർ<br> | • ബംഗാളി |
| • സേവാസദൻ<br>• പ്രേമാശ്രമം<br>• രംഗഭൂമി<br>• ഗോദാൻ | • പ്രേംചന്ദ്<br> | • ഹിന്ദി |
| • പാഞ്ചാലിശപഥം<br>• കളിപ്പാട്ട്<br>• കണ്ണൻപാട്ട്<br>• കുയിൽപാട്ട് | • സുബ്രഹ്മണ്യഭാരതി<br> | • തമിഴ് |
| • ഹയാത്ത്-ഇ-സാദി,<br>• ഹയാത്ത്-ഇ-ജവീദ് | • അൽത്താഫ് ഹുസൈൻ ഹാലി<br> | • ഉർദു |
| • നിബന്ധമാല | • വിഷ്ണുകൃഷ്ണ ചിപ്ളുങ്കർ<br> | • മറാത്തി |
| • എന്റെ ഗുരുനാഥൻ<br>• ബാപ്പുജി<br>• ഇന്ത്യയുടെ കരച്ചിൽ | • വള്ളത്തോൾ നാരായണ മേനോൻ<br> | • മലയാളം |

കല

## ഭാരതമാതാചിത്രം




# അബ നീന്ദ്രനാഥ് ടാഗോർ



രാജാരവിവർമ്മയുടെ ചിത്രം -
കാളിദാസന്റെ ശാകുന്തള
ത്തിൽ നിന്നുള്ള രംഗം



സതി - നന്ദലാൽ
ബോസിന്റെ ചിത്രം

കാളിദാസന്റെ ശാകുന്തളം - രാജ രവിവർമ്മ
സതി, ഗ്രാമീണ ചെണ്ടക്കാരൻ - നന്ദ ലാൽ ബോസ്
ഗ്രാമീണ ജീവിതം - അമൃതാ ഷേർഗിൽ

1. ആദ്യമായി ത്രിവർണ്ണ പതാക രൂപപ്പെടുത്തിയത് - മാഡം കാമ
2. 

3. ദേശീയ പതാകയ്ക്ക് രൂപം നൽകിയത് - പിങ്കലിവെങ്കയ്യ
4. ദേശീയ പതാകയിലെ ദേശീയ മുദ്ര സ്വീകരിച്ചത് എവിടെ നിന്ന് - സാരനാഥിലെ അശോകസ്തംഭത്തിൽ
5. ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചത് - അബ നീന്ദ്രനാഥ്ടാഗോർ
6. ഇന്ത്യൻ അസോസിയേഷൻ സ്ഥാപിച്ചത് - സുരേന്ദ്രനാഥ് ബാനർജി.

Prepard by
K Radhakrishnan .
K KMGVHSS
orkkatteri
9446779815

